The Heavenly Light Ministry

ലോകത്തിലേകയാശ്രയം എന്നേശു മാത്രം
ശോകങ്ങളേറിവന്നാലും
വേണ്ട ഈ ലോകയിമ്പം പ്രിയനെ നീ മതി
എന്നും വാഴ്ത്തി പാടും ഞാൻ
ഉററവരായിരുന്നവർ ദ്വേഷിച്ചാലും
മാററമില്ലാത്ത സ്നേഹിതൻ
ക്ലേശം നിറഞ്ഞലോക യാത്രയിൽ താങ്ങിടും
വിൺ ശക്തിയാലെ നിത്യവും ... ലോക

തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം
നേടിയ പാപിയാമെന്നെ
ഓടുന്നു ലാക്കിലേക്കു പാടുകൾ ഏററു ഞാൻ
മാറുവാനാവതില്ലിനി ... ലോക
മാറായുണ്ടീ മരുവതിൽ സാരമില്ല
മാറായിൻ നാഥനാമേശു
മാറാത്ത വാക്കു തന്നോൻ മാറുമോ ആയവൻ
മാറാ മധുരമാക്കീടും ... ലോക
വിശ്വാസക്കപ്പൽ താഴുമോ ഈയുലകിൽ
ഈശാനമൂലനേറുന്നേ
ആശ്വാസമേകുവാൻ നീ വേഗമായ് വന്നാലും
വിശ്വാസനായകാ ! പ്രീയാ ... ലോക
നിൻ ശക്തി കാഴ്ചശബ്ദങ്ങൾ ഏറെവേണം
വിശ്വാസപ്പോരിൽ നിൽക്കുവാൻ
പത്മൊസിലെത്ര നാൾ ഞാനേകനായ് പാർക്കേണം
വിശ്വാസ ത്യാഗമില്ലാതെ ... ലോക